LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) വിള ഇൻഷ്വർ ചെയ്യുന്നതിനായി സംസ്ഥാനത്ത് രണ്ടു പദ്ധതികളാണ് നിലവിലുള്ളത്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയും ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതിയും. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ നെല്ല്, തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില എന്നിവയ്ക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകിയിരിക്കുന്നത്. ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതിയിൽ നെല്ല്, മരച്ചീനി, വാഴ, കൈതച്ചക്ക, മഞ്ഞൾ, ഇഞ്ചി എന്നീ വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകിവരുന്നു. സംസ്ഥാന പദ്ധതിയിൽ സ്വന്തമായോ, പാട്ടത്തിനോ കൃഷി ഇറക്കുന്ന കർഷകർക്ക് പ്രീമിയമടച്ച് അംഗമാകാവുന്നതാണ്. 25-3-1995-ലെ സ.ഉ. (എം.എസ്.) നം. 125/95/കൃഷി നമ്പർ ഉത്തരവുപ്രകാരം ഓരോ വിളയ്ക്കും നിർദ്ദേശിച്ചിരിക്കുന്ന പ്രീമിയമടച്ച് അംഗമായാൽ, പ്രസ്തുത ഉത്തരവിൽ ഓരോ വിളയ്ക്കും നിർദ്ദേശിച്ചിരിക്കുന്ന നഷ്ടപരിഹാരത്തുക ലഭ്യമാകുന്നതാണ്. ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതിയിൽ എല്ലാ കർഷകർക്കും പ്രീമിയമടച്ച് അംഗമാകാവുന്നതാണ്. പൊതുമേഖലാ ബാങ്കുകളിൽനിന്നും കൃഷിക്ക് ലോണെടുക്കുന്ന കർഷകർ നിർബന്ധമായും ഈ പദ്ധതിയിൽ അംഗമായി ചേരേണ്ടതാണ്. ചെറുകിട നാമമാത്ര കർഷകർക്ക് പ്രീമിയം തുകയുടെ 50 ശതമാനം സബ്സിഡിയായി നൽകിവരുന്നു. പ്രഖ്യാപിത പ്രദേശത്ത് വിളയുടെ ഉല്പാദനത്തിൽ ഉണ്ടാകുന്ന കുറവിനേയും കർഷകർ അവരുടെ വിളകൾ ഇൻഷ്വർ ചെയ്തിരിക്കുന്ന തുകയേയും അടിസ്ഥാനമാക്കി കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നു. ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി അഗ്രികൾച്ചർ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇൻഡ്യാ ലിമിറ്റഡ് മുഖേനയും സംസ്ഥാന കൃഷി ഇൻഷ്വറൻസ് പദ്ധതി കൃഷി വകുപ്പു മുഖേനയും നടപ്പിലാക്കിവരുന്നു.

(സി) ബാധകമല്ല.

മുക്കം കൃഷിഭവന് സ്വന്തം കെട്ടിടം

79 [403] ശ്രീ. യു. സി. രാമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിലെ മുക്കം പഞ്ചായത്തിലെ കൃഷിഭവന് സ്വന്തം കെട്ടിടം ഇല്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സ്വന്തം കെട്ടിടം നിർമ്മിക്കുവാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ;

(സി) ഇപ്പോൾ ഉപയോഗിക്കാതെ കിടക്കുന്ന ഇരിങ്ങാംപറ്റപറമ്പ് മിച്ചഭൂമി ഈ ആവശ്യത്തിന് ഉപയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2003-04, 2004-05 സാമ്പത്തിക വർഷങ്ങളിൽ കൃഷിഭവനുവേണ്ടി കെട്ടിടം പണിയാൻ ഫണ്ട് ഇല്ലാത്തതിനാൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(സി) ഇത് സംബന്ധിച്ച പ്രൊപ്പോസലൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

കണ്ണൂർ ജില്ലയിലെ കൃഷിനാശം

80 [404] ശ്രീ. പി. ജയരാജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ കഴിഞ്ഞ കാലവർഷക്കെടുതിയിൽ എത്ര കോടി രൂപയുടെ കൃഷിനാശം ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതു സംബന്ധിച്ച് നഷ്ടപരിഹാരത്തിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എത്ര കൃഷിക്കാരാണ് അപേക്ഷ നൽകിയിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ;

(ഡി) ഇതുസംബന്ധിച്ച എന്തെങ്കിലും നഷ്ടപരിഹാരം കൃഷി വകുപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ 2.59 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കപ്പെടുന്നു.

(ബി) ഉണ്ട്.

(സി) 1821 കർഷകരുടെ അപേക്ഷകൾ ജില്ലയിൽ ലഭിച്ചിട്ടുണ്ട്.

(ഡി) നൽകിയിട്ടില്ല. ലഭിച്ച അപേക്ഷകളിൻമേലുള്ള ഫീൽഡ് പരിശോധനകൾ നടത്തിവരികയാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ബളാൽ കൃഷിഭവനിൽ ദുരിതാശ്വാസ വിതരണത്തിൽനടന്ന അഴിമതി

81 [405] ശ്രീ. എം. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്ദുർഗ് മണ്ഡലത്തിലെ ബളാൽ കൃഷിഭവനിൽ വരൾച്ചയിൽ കൃഷി നശിച്ചവർക്ക് നൽകിയ ദുരിതാശ്വാസവിതരണത്തിൽ അഴിമതി നടന്നിരുന്നതായ ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly